# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 18

## വാർത്താക്കുറിപ്പ്

## എം.ജിയിൽ നിന്ന് ഗവേഷകർക്ക് സന്തോഷവാർത്ത; പിഎച്ച്.ഡി., എം.ഫിൽ വൈവ ഓൺലൈനിൽ

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ഗവേഷകർക്ക് ഓപ്പൺ ഡിഫൻസിനും പബ്ലിക് വൈവയ്ക്കും ഓൺലൈൻ സൗകര്യമൊരുക്കി മഹാത്മാഗാന്ധി സർവകലാശാല. ഇതാദ്യമായാണ് പിഎച്ച്.ഡി. വൈവയും ഓപ്പൺ ഡിഫൻസും വീഡിയോ കോൺഫറൻസിങ്-ഇലക്ട്രോണിക് മാധ്യമം മുഖേന നടക്കുന്നത്. പിഎച്ച്.ഡി., എം.ഫിൽ വൈവ പരീക്ഷകൾ ഓൺലൈൻ വീഡിയോ കോൺഫറൻസ്-ഇലക്ട്രോണിക് മാധ്യമം വഴി നടത്തുന്നതിന് അനുമതി നൽകി ഉത്തരവായതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

മാർഗനിർദേശിയായ അധ്യാപകൻ പഠനവകുപ്പ് തലവനുമായി അലോചിച്ച് വീഡിയോ കോൺഫറൻസിനുള്ള ഓൺലൈൻ സംവിധാനം ഒരുക്കണം. സർവകലാശാല പഠനവകുപ്പുകളിലെ സ്മാർട് ക്ലാസ് റൂമുകൾ ഇതിനായി ഉപയോഗിക്കാം. സർവകലാശാലയിലെ ഓഡിയോ-വീഡിയോ കോൺഫറൻസ് സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെയാണ് കോൺഫറൻസിങ് നടത്തേണ്ടത്. ഇതിന്റെ മുഴുവൻ വീഡിയോയും റെക്കോഡ് ചെയ്ത് സോഫ്റ്റ് കോപ്പി പരീക്ഷ കൺട്രോളർക്ക് നൽകണം. ഓൺലൈൻ ഓപ്പൺ ഡിഫൻസിന് 2500 രൂപയാണ് ഫീസ്. വിദ്യാർഥിയും മാർഗദർശിയായ അധ്യാപകനും ക്ലാസ് റൂമിൽ നേരിട്ട് ഹാജരായിരിക്കണം. ചെയർമാനും ഡീനിനും ഓൺലൈനായോ നേരിട്ടോ പങ്കെടുക്കാം. 25 പേർ ഓൺലൈനായി ഓപ്പൺ ഡിഫൻസിൽ പങ്കാളികളാകണം. ചെയർമാന്റെ അനുവാദത്തോടെ കാണികൾക്ക് ചോദ്യങ്ങൾ ചോദിക്കാം. ഡീൻ/ഗവേഷണ സൂപ്പർവൈസറാണ് പങ്കെടുത്തവരുടെ എണ്ണം വീഡിയോ റെക്കോഡിങ് സഹിതം സാക്ഷ്യപ്പെടുത്തേണ്ടത്. വൈവയും ഓപ്പൺ ഡിഫൻസും ഒരു മണിക്കൂറിൽ കുറയാൻ പാടില്ല.

എം.ഫിൽ വൈവയ്ക്കും വിദ്യാർഥിയും ചെയർമാനും (പഠനവകുപ്പ് തലവൻ) ഇന്റേണൽ എക്സാമിനറും(മാർഗനിർദേശിയായ അധ്യാപകൻ) നേരിട്ട് വൈവ നടക്കുന്ന സ്ഥലത്ത് പങ്കെടുക്കണം. എക്റ്റേണൽ എക്സാമിനർക്ക് വീഡിയോ കോൺഫറൻസിങ് വഴി പങ്കെടുക്കാം. വൈവയ്ക്കു ശേഷം ചെയർമാൻ എക്സ്റ്റേണൽ, ഇന്റേണൽ എക്സാമിനറുമായി ചേർന്ന് മാർക്ക് ലിസ്റ്റ് തയാറാക്കി നൽകണം.

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് വൈവയും മറ്റും സർവകലാശാലകൾ മാറ്റിവച്ചത് ഗവേഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇതിന് പരിഹാരമായി ഓൺലൈൻ വൈവ സംവിധാനം. ആരോഗ്യവകുപ്പിന്റെ മാർഗനിർദേശങ്ങൾ കർശനമായി പാലിച്ച് വൈവ പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിട്ടുള്ളത്.

(പി.ആർ.ഒ/39/610/2020)

## ആദ്യ ഓൺലൈൻ പിഎച്ച്.ഡി. വൈവ ഇന്ന്

മഹാത്മാഗാന്ധി സർവകലാശാല ഓൺലൈനിലൂടെ നടത്തുന്ന ആദ്യ പിഎച്ച്.ഡി. വൈവയും ഓപ്പൺ ഡിഫൻസും ഇന്ന് (ജൂൺ 19ന്) സർവകലാശാലയിൽ നടക്കും. രാവിലെ 11ന് സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിൽ എസ്. ശ്രീധന്യയും ഉച്ചകഴിഞ്ഞ് 2.30ന് സി.എസ്. ഷാല്യ മോനും ഓൺലൈനായി പിഎച്ച്.ഡി. പബ്ലിക് ഫിഫൻസ് നടത്തി വൈവയ്ക്കു ഹാജരാകും. എസ്.ബി. കോളജിലെ ഡോ. കെ.സി. ഫിലിപ്പിന്റെ മേൽനോട്ടത്തിൽ കെമിസ്ട്രിയിലാണ് ശ്രീധന്യ ഗവേഷണം പൂർത്തീകരിച്ചത്. കൊച്ചിൻ സർവകലാശാലയിലെ ഡോ. ഉഷ അരവിന്ദിന്റെ മേൽനോട്ടത്തിൽ എൺവയോൺമെന്റൽ

സയൻസിലാണ് സി.എസ്. ഷാല്വമോൻ ഗവേഷണം പൂർത്തീകരിച്ചത്. സർവകലാശാല പ്രോവൈസ് ചാൻസലറായ പ്രൊഫ. സി.ടി. അരവിന്ദകുമാറാണ് ഇരുവരുടെയും കോ-ഗൈഡ്.

(പി.ആർ.ഒ/39/611/2020)

## പരീക്ഷഫലം

2019 മേയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം. ബി.എഫ്.ടി., ബി.എസ്.ഡബ്ല്യൂ.,ബി.ടി.ടി.എം., സി.ബി.സി.എസ്.(മോഡൽ 3- 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധയ്ക്കും ജൂലൈ ഒന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/612/2020)

2019 നവംബറിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്(സോഷ്യൽ സയൻസസ് ഫാക്കൽറ്റി- സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/613/2020)

## പ്രാക്ടിക്കൽ

2020 ഫെബ്രുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എഫ്.ടി. (സി.ബി.സി.എസ്. 2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 23ന് ചങ്ങനാശേരി അസംപ്ഷൻ കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/614/2020)

## സകുടുംബ യോഗയുമായി എം.ജി. സർവകലാശാല; യോഗ ദിനത്തിൽ മെഗാ ഓൺലൈൻ പരിപാടി

യോഗയിലൂടെ രോഗപ്രതിരോധ ശേഷി വികസിപ്പിക്കുന്നതിനായി സകുടുംബ യോഗയുമായി മഹാത്മാഗാന്ധി സർവകലാശാല. ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷൻ പഠനവകുപ്പ് ഫോർ എ.എം. ക്ലബ്ബിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഓൺലൈൻ യോഗ പഠനസംവിധാനം ഒരുക്കുന്നത്.

ഇതിന്റെ ഭാഗമായി രാജ്യാന്തര യോഗ ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 21 ന് രാവിലെ നാലു മുതൽ ഏഴു വരെ മെഗാ ഓൺലൈൻ പരിപാടി സംഘടിപ്പിക്കും.

പ്രായഭേദമെന്യേ നവസമൂഹ വികസനത്തിനായി യോഗ, കൗൺസിലിംഗ്, ജൈവകൃഷി, പഠനവൈകല്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ തുടർപഠന സൗകര്യമാണ് സർവകലാശാലയുടെ ലൈഫ് ലോങ് ലേണിംഗ് വിഭാഗം നടത്തി വരുന്നത്. കോവിഡ് പശ്ചാത്തലത്തിൽ പുതുജീവന ശൈലി രൂപീകരണത്തിനായി പുലർച്ചെ നാലിനുണർന്ന് പൊതു നന്മയ്ക്കായി പ്രവർത്തിക്കുന്ന സ്നേഹ കൂട്ടായ്മയാണ് ഫോർ എ. എം. ക്ലബ്ബ്. 90 ദിവസത്തിനുള്ളിൽ ഒമ്പതു രാജ്യങ്ങളിലായി ഏഴായിരത്തോളം അംഗങ്ങളായി.

പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഞായറാഴ്ച രാവിലെ 3.30 മുതൽ ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്ന് സൂം(zoom) ഡൗൺലോഡ് ചെയ്ത് 808661 1122 എന്ന ഐഡിയും 046853 എന്ന പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പരിപാടിയിൽ പങ്കെടുക്കാം. ആയിരംപേർ തികഞ്ഞുകഴിഞ്ഞ് എത്തുവർ ഫെയ്സ്ബുക്ക് ലൈവിലോ, ഫോർ എ.എം ക്ലബ്ബ് ലൈവിലോ ചേരാം.

മോഹൻജി ഫൗണ്ടേഷൻ ഓഫ് മെഡിറ്റേഷന്റെ സ്ഥാപകൻ മോഹൻജി നയിക്കുന്ന ധ്യാനത്തോടെയാണ് യോഗാദിനാചരണം ആരംഭിക്കുന്നത്. തുടർന്ന് യോഗ ഗ്ലോബൽ അംബാസിഡറായ ദേവി മോഹൻ ആമുഖ പ്രഭാഷണം നടത്തും.

രാവിലെ അഞ്ചിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് രാജ്യാന്തര യോഗാ ദിനാചരണം ഉദ്ഘാടനം ചെയ്യും. ലൈഫ് ലോങ് ലേണിംഗ് മേധാവി പ്രൊഫ. കെ.എ. മഞ്ജുഷ, ഫോർ എ.എം ക്ലബ്ബ് ഭാരവാഹികളായ റോബിൻ തിരുമല, ഡോ. ഷൈജു കാരയിൽ, അബ്ദുൾ കരീം പഴേരിൽ, അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ജി. ശ്രീകുമാർ തുടങ്ങിയവർ

സംസാരിക്കും. തുടര്് ആയുഷ് മന്ത്രാലയത്തിന്റെ നിർദേശപ്രകാരമുള്ള യോഗാ വിന്യാസം നടക്കും. യോഗിരാജ്, ഡോ. ടോംസ് എബ്രഹാം, യോഗാചാര്യ ആർ. സഞ്ജയ ആനന്ദ് , അലുമ്നി ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകും. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാനുതകുന്ന ദിനചര്യകളെകുറിച്ചും ശ്വസന, ആഹാര, ആസന, ധ്യാന വിശ്രമ മാർഗ്ഗങ്ങളെയും ആസ്പദമാക്കി ഡോ. എം ആർ ഗോപാലകൃഷ്ണൻ നായർ, ഡോ. എം എസ് വിശ്വംഭരൻ നായർ, ഡോ. കെ എസ് വിഷ്ണു നമ്പൂതിരി, ഡോ. ഇ എൻ ബാലകൃഷ്ണൻ നായർ, ഡോ. എസ് സരിത് കുമാർ, സി ജോണി ജോസ്, റ്റി എം വർഗ്ഗീസ്, ഷിബു കെ രാജു, ജി കെ ശ്രീജിത്ത് തുടങ്ങിയവർ സംസാരിക്കും. രാജ്യാന്തരതലത്തിൽ അയ്യായിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. 9745605979 (ശ്രീജിത്ത്), 9074908369 (രഘു), 9349376288 (ലിജു), 9847412145 (ശ്രീകുമാർ) എന്നീ നമ്പറുകളിൽ രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/615/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ